**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1215** **15-10-2026-ൽ മറുപടിയ്ക്ക്**

**സംസ്ഥാന സ്കൂൾ കായികമേള**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാന സ്കൂൾ കായിക മേളയുടെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് അറിയിക്കാമോ;

**മറുപടി:** സംസ്ഥാന സ്കൂൾ കായികമേളയുടെ നടത്തിപ്പ് ചുമതല പൊതു വിദ്യാഭ്യാസ ഡയറക്ടർക്കാണ്.

**(ബി)** മികച്ച രീതിയിൽ സംഘടിപ്പിച്ചു വന്നിരുന്ന സ്കൂൾ ഒളിംപിക്സിനു പകരം കായിക മേളകൾ വിവിധ ജില്ലകളിലേക്ക് വീതിച്ച് നൽകിയപ്പോൾ മൽസരാർത്ഥികൾക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

**മറുപടി:** 2024-ൽ പാരീസിൽ ഒളിംപിക്സ് നടന്നതിന്റെ പശ്ചാത്തലത്തിലാണ് ആ വർഷത്തെ സ്കൂൾ കായിക മേള ഒളിംപിക്സ് മാതൃകയിൽ നടത്തുവാൻ തീരുമാനിച്ചതും, അപ്രകാരം നടത്തിയതും.ഒളിംപിക്സ് നാല് വർഷത്തിൽ ഒരിക്കൽ നടക്കുന്ന ഒന്നായതിനാൽ ഒളിംപിക്സ് മാതൃകയിൽ ഉള്ള സ്കൂൾ കായിക മേളയും നാല് വർഷത്തിൽ ഒരിക്കലെന്നാണ് പ്രഖ്യാപിച്ചിരുന്നത്. 2024-ലെ സ്കൂൾ കായിക മേളയ്ക്ക് മുൻപ് തന്നെ ദേശീയ തലത്തിൽ നടക്കുന്ന ഗെയിംസ് ഇനങ്ങൾ വ്യത്യസ്ത സ്ഥലങ്ങളിൽ വച്ച് മുൻപേ തന്നെ നടത്തിയിരുന്നു.ആയതിനാൽ തന്നെ ഒളിംപിക്സ് മാതൃകയിലുള്ള സ്കൂൾ കായിക മേളയിൽ എല്ലാ ഗെയിമുകളും ഉൾപ്പെട്ടിരുന്നില്ല. 2025-ൽ തിരുവനന്തപുരത്ത് സ്കൂൾ കായിക മേള സംഘടിപ്പിച്ചപ്പോൾ അതോടൊപ്പം നടത്താൻ കഴിയുന്ന ഗെയിമുകൾ കൂടി അന്ന് ഉൾപ്പെടുത്തിയിരുന്നു.2026 ഒക്ടോബർ 25 മുതൽ 31 വരെ കോഴിക്കോട് നടത്താൻ നിശ്ചയിച്ചിട്ടുള്ള കായിക മേളയിലും അത്ലറ്റിക്സിന് പുറമെ ഗെയിംസ് ഇനങ്ങൾ കൂടി ഉൾപ്പെടുത്തി ഒളിംപിക്സ് മാതൃകയിലാണ് സംഘടിപ്പിക്കുന്നത്. 2024, 2025 വർഷങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇൻക്ലൂസീവ് സ്പോർട്സ് ഇനങ്ങളും 2026-ലെ കായികമേളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(സി)** സ്കൂൾ കായിക മേളയുടെ ഭാഗമായി തൃശ്ശൂരിൽ നടത്തേണ്ടിയിരുന്ന അക്വാട്ടിക് മത്സരങ്ങൾക്ക് ആദ്യം പ്രഖ്യാപിച്ച തീയതിയും വേദിയും മാറ്റിയിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; ഇത് കാരണം മത്സരാർത്ഥികൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി അവർക്ക് അധിക അലവൻസും ബത്തയും അനുവദിക്കുമോ?

**<u>മറുപടി:</u>** തൃശ്ശൂരിൽ നടന്നുവന്നിരുന്ന അക്വാട്ടിക് മത്സരങ്ങളുടെ രണ്ട് ദിവസത്തെ മത്സരങ്ങൾ 2026 ഒക്ടോബർ 22, 23 തീയതികളിൽ തിരുവനന്തപുരം ജില്ലയിലെ പിരപ്പൻകോട് അക്വാട്ടിക് കോംപ്ലക്സിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.മത്സരാർത്ഥികൾക്ക് അലവൻസും ബത്തയും അനുവദിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനമായിട്ടില്ല.

**സെക്ഷൻ ഓഫീസർ**